# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2019 ഡിസംബർ 11 ബുധൻ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## അതിജീവിക: നിരാലംബ സ്ത്രീസഹായ പദ്ധതിക്ക് അപേക്ഷിക്കാം

സമൂഹത്തിൽ ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് അടിയന്തിര ഘട്ടത്തിൽ ധനസഹായം നൽകുന്ന പദ്ധതിയായ അതിജീവികയിലേക്ക് അപേക്ഷിക്കാം. ഭർത്താവ് / കുട്ടികൾ / കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടപ്പുരോഗികളുള്ള സ്ത്രീ, പ്രകൃതി ദുരന്തത്തിലോ, മനുഷ്യ വിപത്തിനാലോ വീട് നഷ്ടപ്പെട്ടു നാശം സംഭവിച്ചു വാടകക്ക് താമസിക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന കുടുംബനാഥയായ സ്ത്രീ. കട ബാധ്യത മൂലം ജപ്തി ഭീഷണി നേരിടുന്ന കുടുംബനാഥ, ഭർത്താവിന്റെ അസുഖം / വിയോഗം മൂലം മക്കളുടെ പഠനത്തിന് ആശ്രിതരുടെ ചികിത്സക്കും ബുദ്ധിമുട്ടുന്ന ഗൃഹനാഥ, അസുഖം ബാധിച്ചു മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന വിധവകൾ, അവിവാഹിതർ, ഭർത്താവ് ഉപേക്ഷിച്ചവർ, വിവാഹമോചിതർ, ഹൃദരോഗം, അംഗപരിമിതി, വൃക്ക/കരൾ സംബന്ധമായ രോഗങ്ങൾ, കാൻസർ, തളർവാതം മറ്റു രോഗങ്ങൾ എന്നിവ മൂലമുള്ള അനാരോഗ്യം മൂലം ജോലി ചെയ്യാൻ കഴിയാത്തവർ എന്നിവർക്ക് അപേക്ഷിക്കാം. 50 വയസ്സിനു താഴെയുള്ളവരാകണം അപേക്ഷകർ. വാർഷിക വരുമാനം 50000 രൂപ താഴെയാവണം. 18 വയസ്സിനു പ്രായമുള്ളവരും തൊഴിൽ ചെയ്യുന്നവരുമായ മക്കൾ ഉള്ളവർ ഈ ആനുകൂല്യത്തിന് അർഹരല്ല. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾ ഉള്ള കുടുംബം, അവിവാഹിതരായ പെൺകുട്ടികൾ ഉള്ള കുടുംബം, കിടപ്പുരോഗികൾ ഉള്ള കുടുംബം എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം അപേക്ഷകരുടെ ജീവിതാവസ്ഥ സംബന്ധിച്ച് വെള്ള പേപ്പറിൽ തയ്യാറാക്കിയ വിശദമായ കുറിപ്പ് കൂടി ഉൾപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ ശിശുവികസന പദ്ധതി ഓഫീസിൽ ലഭിക്കും. ഫോൺ: 0487 2321689. അപേക്ഷ ശിശുവികസന പദ്ധതി ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 26.

## ഹാപ്പി ഡേയ്സ് രാത്രികാല ഷോപ്പിംഗ് മേളയ്ക്ക് നാളെ തുടക്കം

തൃശൂർ കോർപ്പറേഷന്റെയും തൃശൂർ പട്ടണത്തിലെ വ്യാപാരി സമൂഹത്തിന്റെ സംയുക്താഭിമുഖ്യത്തിൽ സർക്കാർ വിവിധ വകുപ്പുകളുടെ പിന്തുണയോടെ സംഘടിപ്പിക്കുന്ന രാത്രികാല ഷോപ്പിംഗ് ഉൽസവം ഹാപ്പി ഡേയ്സ് ഷോപ്പിംഗ് ഫെസ്റ്റിന് ശനിയാഴ്ച (ഡിസംബർ 14) തിരി തെളിയും. അന്ന് വൈകീട്ട് അഞ്ചരയ്ക്ക് തേക്കിൻകാട് മൈതാനത്തെ വടക്കെ നടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഹാപ്പി ഡേയ്സ് ഷോപ്പിംഗ് ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. കോർപറേഷൻ

മേയർ അജിത വിജയൻ അധ്യക്ഷത വഹിക്കും. ബിഡിങ് ആപ്പ് ലോഞ്ചിങ് കൃഷി വകുപ്പ് മന്ത്രി അഡ്വ വി എസ് സുനിൽ കുമാർ നിർവഹിക്കും. സമ്മാന കൂപ്പൺ വിതരണം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീനും, ഇ-കോമേഴ്സ് ആപ്പ് ലോഞ്ചിങ് പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥും നിർവഹിക്കും. ഗവ ചീഫ് വിപ് അഡ്വ കെ രാജൻ, ടി എൻ പ്രതാപൻ എം പി, കൗൺസിലർ എം എസ് സമ്പൂർണ്ണ എന്നിവർ ആശംസകൾ നേരും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, ജില്ലാ കളക്ടർ എസ് ഷാനവാസ്, ഡി ഐ ജി എസ് സുരേന്ദ്രൻ, സാമൂഹ്യ, സാംസ്കാരിക, വ്യവസായ രംഗത്തെ പ്രമുഖർ തുടങ്ങിയവരുടെ വിശിഷ്ട സാന്നിധ്യം ഉണ്ടാകും. ഷോപ്പിംഗ് ഫെസ്റ്റിവൽ ജനറൽ കൺവീനർ ടി എസ് പട്ടാഭിരാമൻ സ്വാഗതവും ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് ടി ആർ വിജയകുമാർ നന്ദിയും പറയും. ക്രിസ്തുമസ്-പുതുവത്സരാരഘോഷങ്ങളെ വ്യാപാരവുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരം ഒരു മേളയ്ക്ക് തൃശൂർ കോർപ്പറേഷനും വ്യാപാരി വ്യവസായ സമൂഹവും സർക്കാരും രൂപം നൽകിയത്. വിവിധ വകുപ്പുകൾ, സാമൂഹ്യ സാംസ്കാരിക വ്യാപാര സംഘടനകൾ എന്നിവയുടെ പിന്തുണയും മേളയ്ക്കുണ്ട്. ഡിസംബർ 15 മുതൽ ജനുവരി 15 വരെ ഒരു മാസക്കാലമാണ് ഷോപ്പിംഗ് ഫെസ്റ്റിവൽ.

## സോഷ്യൽ വർക്കർ ഒഴിവ്

വനിതാ ശിശു വികസന വകുപ്പ് സോഷ്യൽ വർക്കർ തസ്തികയിൽ നിയമനം നടത്തുന്നതിന് എൻജിഒകളിൽ നിന്നും താൽപര്യപത്രം ക്ഷണിച്ചു. എം എ സോഷ്യോളജി അല്ലെങ്കിൽ എംഎസ്ഡബ്ല്യൂവും പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രതിമാസം ഹോണറേറിയം 20000 രൂപ. യാത്ര ബത്ത 5000 രൂപ. താൽപര്യമുള്ളവർ യോഗ്യത, വയസ്സ്, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അസ്സലും പകർപ്പും സഹിതമുള്ള അപേക്ഷ ജില്ലാ വനിതാ ശിശു വികസന ഓഫീസർ, മിനി സിവിൽ സ്റ്റേഷൻ, ചെമ്പൂക്കാവ്, തൃശൂർ എന്ന വിലാസത്തിൽ നൽകണം. ഫോൺ: 0487 2321689.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

കേരള ഓട്ടോറിക്ഷ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അഞ്ച് വർഷത്തിൽ കുറയാതെ അംഗത്വമുള്ള തൊഴിലാളികളുടെ ഹൈസ്കൂളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും ഈ അദ്ധ്യയന വർഷത്തേക്ക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ്, സെൻട്രൽ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിച്ച് യോഗ്യത പരീക്ഷ 50 ശതമാനം കുറയാതെ മാർക്ക് നേടിയവർക്കാണ് സ്കോളർഷിപ്പിന് അർഹത. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 24 നകം ജില്ലാ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ എന്ന kmtwwfb.gov.in വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുകയോ ജില്ലാ ഓഫീസിൽ നിന്നും നേരിട്ട് ലഭ്യമാക്കുകയോ ചെയ്യാം. ഫോൺ: 0487 2446545.

## ഹോട്ടൽ മാനേജ്മെന്റ് കോഴ്സ്

ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുന്ന ഹോട്ടൽ മാനേജ്മെന്റ് (ഫുഡ് ആൻഡ് ബിവറേജസ്) കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. 17 നും 35 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. വിദ്യാഭ്യാസ യോഗ്യത: എസ്എസ്എൽസി. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് വിദേശത്ത് ഉൾപ്പെടെ തൊഴിൽ അവസരങ്ങൾ ഒരുക്കും. താൽപര്യമുള്ളവർ ഡിസംബർ 16, 18 തീയതികളിൽ കൽപ്പറ്റ പുളിയാർമല ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് സ്റ്റഡീസിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 9947668172, 92077352451, 9745368678, 9745868678.

## ടെണ്ടർ

തൃശൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ഔദ്യോഗിക ആവശ്യത്തിന് ടൂറിസ്റ്റ് / ടാക്സി പെർമിറ്റുള്ള ഒരു കാർ മാസ വാടക വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 19.